24284
28/12/17

കേരള സർക്കാർ

സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി-30/11/2017-ലെ ഓഖി ചുഴലിക്കൊടുങ്കാറ്റ്-മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് തുക അനുവദിച്ചുകൊണ്ടും 18/12/2017-ലെ സർക്കാർ ഉത്തരവ് (സാധാ) 5443/17/റവ. റദ്ദ് ചെയ്തു കൊണ്ടും ഉത്തരവു പുറപ്പെടുവിക്കുന്നു.

റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ്

സ.ഉ.(സാധാ) നം. 5511 /17/റവ                                   തിരുവനന്തപുരം തീയതി.22.12.2017.

പരാമർശം- 1) 06/12/2017-ലെ സ.ഉ.(കൈ) 1/2017/DMD
2) 12/12/2017-ലെ.സ.ഉ.(സാധാ) 5314/2017/റവ
3) 13/12/2017-ലെ സ.ഉ.(സാധാ) 5330/2017/റവ
4) 18/12/2017-ലെ സ.ഉ.(സാധാ)നം. 5443/2017/റവ

## ഉത്തരവ്

30/11/2017-ൽ ഉണ്ടായ ഓഖി ചുഴലിക്കൊടുങ്കാറ്റിലെ ദുരിതബാധിതർക്ക് ദുരിതാശ്വാസ സഹായം അടിയന്തിരമായി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് താഴെ പറയുന്ന വിധം തുക അനുവദിച്ച് ഉത്തരവാകുന്നു.

2. മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് നൽകാൻ തീരുമാനിച്ച 20 ലക്ഷം രൂപയ്ക്ക് പുറമേ കാണാതായവർക്ക് കൂടി 20 ലക്ഷം രൂപ ധനസഹായം ലഭ്യമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ പരാമർശം (1) പ്രകാരം ഫിഷറീസ് വകുപ്പിൽ നിന്നും നൽകാൻ തീരുമാനിച്ചിട്ടുള്ള 5 ലക്ഷം രൂപ കൂടി തൽക്കാലം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നു (അതായത് 5 ലക്ഷം രൂപ വീതം 220 കുടുംബങ്ങൾക്കുമായി 11 കോടി രൂപ) ധനകാര്യ വകുപ്പിന്റെ സാങ്കേതിക നടപടികൾ പൂർത്തിയാക്കുമ്പോൾ അപ്രകാരം നൽകുന്ന തുക മുഖ്യമന്ത്രിയുടെ

ദുരിതാശ്വാസ നിധിയിലേക്ക് തിരികെ അടയ്ക്കേണ്ടതുമാണ്. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആശ്വാസ ധനസഹായമായ 5 ലക്ഷം രൂപ (അതായത് 5 ലക്ഷം രൂപ വീതം 220 കുടുംബങ്ങൾക്കുമായി 11 കോടി രൂപ) CMDRF ൽ ലഭ്യമായിട്ടുണ്ട്. അത്രയും തുക കൂടി ദുരിതാശ്വാസനിധിയിൽനിന്നും അനുവദിക്കുന്നു.

3. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഫണ്ടിൽ നിന്നും ദുരിതാശ്വാസ നിധിയിലേക്ക് നിക്ഷേപിച്ച 11 കോടി രൂപ ഏതെങ്കിലും കാരണവശാൽ അതായത് ഇപ്പോൾ കണക്കാക്കിയതിൽ നിന്നും കാണാതായവരുടെ എണ്ണത്തിൽ കുറവ് വരികയാണെങ്കിൽ വിതരണം ചെയ്യാതെ വരുന്ന തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന് തിരികെ നൽകേണ്ടതാണ്.

4. ദുരിതബാധിതർക്ക് State Disaster Response Fund ൽ നിന്നും 4 ലക്ഷം രൂപ വീതം അനുവദിച്ച സാഹചര്യത്തിൽ അവശേഷിക്കുന്ന 16 ലക്ഷം രൂപ വീതം (മരണമടഞ്ഞവർക്ക് പരാമർശം (2) പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ഇതിനോടകം അനുവദിച്ച 6 ലക്ഷം രൂപ ഉൾപ്പെടെ) മരണമടഞ്ഞവരുടെ ആശ്രിതർക്കും, കാണാതായവർക്കുമായി വിതരണം ചെയ്യുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് (217 പേർക്ക് 16 ലക്ഷം രൂപ വീതം) 34,72,00,000/- രൂപ (മുപ്പത്തിനാല് കോടി എഴുപത്തിരണ്ട് ലക്ഷം രൂപ), എറണാകുളം ജില്ലാ കളക്ടർക്ക് (2 പേർക്ക് 16 ലക്ഷം രൂപ വീതം) 32,,00,000/- രൂപ (മുപ്പത്തിരണ്ട് ലക്ഷം രൂപ), കാസറഗോഡ് ജില്ലാ കളക്ടർക്ക് (ഒരാൾക്ക്) 16,00,000/- രൂപ (പതിനാറ് ലക്ഷം രൂപ) എന്നീ ക്രമത്തിൽ 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. തുക ഇത് സംബന്ധിച്ച് ദുരന്തനിവാരണ വകുപ്പ് പുറപ്പെടുവിക്കുന്ന

മാർഗ്ഗനിർദ്ദേശപ്രകാരം വിതരണം ചെയ്യേണ്ടതാണ്.

6. പരാമർശം (4) ലെ സർക്കാർ ഉത്തരവ് ഇതിനാൽ റദ്ദ് ചെയ്തുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
പി.എച്ച്.കുര്യൻ

അഡീഷണൽ ചീഫ് സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം,
ജില്ലാ കളക്ടർ, തിരുവന്തപുരം; ജില്ലാ കളക്ടർ, എറണാകുളം; ജില്ലാ കളക്ടർ കാസറഗോഡ്
ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂവകുപ്പ് അഡീഷണൽചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
ഫിഷറീസ് വകുപ്പ്
ചെയർമാൻ, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്,
ദുരന്ത നിവാരണ വകുപ്പ്
റവന്യൂ (ഡിആർഎഫ്--ബി, സി വകുപ്പ്)
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

A.S.

സെക്ഷൻ ഓഫീസർ